# DIOCESE OF THAMARASSERY

2026 മെയ് 30

പ്രിയപ്പെട്ടവരേ,

പുതിയ അധ്യയനവർഷം ആരംഭിക്കുന്ന സാഹചര്യത്തിൽ, കുട്ടികളെ ഒന്നാം ക്ലാസ്സിലും മറ്റ് ഉയർന്ന ക്ലാസ്സുകളിലും ചേർക്കുന്ന മാതാപിതാക്കളും അധ്യാപകരും താഴെപ്പറയുന്ന കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

സംസ്ഥാന സർക്കാരിന്റെ പൊതുഭരണ വകുപ്പ് പുറപ്പെടുവിച്ച (സ. ഉ. കൈ (നമ്പർ) 109/2023/പൊ.ഭ.വ.) ഉത്തരവുപ്രകാരം നമ്മുടെ സഭയിലെ ജനറൽ കാറ്റഗറിയുടെ (ജാതി സംവരണം ലഭിക്കാത്തവർ) ഔദ്യോഗിക സമുദായനാമം **'സീറോ മലബാർ സിറിയൻ കാത്തലിക്'** (Syro Malabar Syrian Catholic) എന്ന് നിജപ്പെടുത്തിയിട്ടുള്ളതാണ്. ഇനിമുതൽ സ്കൂൾ റെക്കോർഡുകളിലും മറ്റ് ഔദ്യോഗിക രേഖകളിലും ഈ നാമമാണ് നമ്മൾ ഉപയോഗിക്കേണ്ടത്.

ഈ സാഹചര്യത്തിൽ, ജനറൽ കാറ്റഗറിയിൽ പെടുന്ന (മറ്റ് ജാതി സംവരണങ്ങൾക്ക് അവകാശമില്ലാത്ത) സീറോ മലബാർ സഭാംഗങ്ങളായ വിദ്യാർത്ഥികളെ ഒന്നാം ക്ലാസ്സിൽ പ്രവേശിപ്പിക്കുമ്പോൾ, സ്കൂൾ അഡ്മിഷൻ രജിസ്റ്ററിലെ ജാതി (Caste/Denomination) കോളത്തിൽ 'സീറോ മലബാർ സിറിയൻ കാത്തലിക്' (Syro Malabar Syrian Catholic) എന്ന് കൃത്യമായി രേഖപ്പെടുത്താൻ മാതാപിതാക്കളും അധ്യാപകരും ശ്രദ്ധ പുലർത്തണം. നിലവിൽ OBC/OEC സംവരണം ലഭിച്ചുകൊണ്ടിരിക്കുന്ന സീറോ മലബാർ സഭ അംഗങ്ങൾ അവർക്ക് നിലവിലുള്ള സമുദായ നാമങ്ങൾ തന്നെയാണ് സ്കൂൾ രജിസ്റ്ററിൽ ചേർക്കേണ്ടത്.

മുൻകാലങ്ങളിൽ ഉപയോഗിച്ചിരുന്ന RC, RCSC, RCS, SC തുടങ്ങിയ യാതൊരുവിധ ചുരുക്കരൂപങ്ങളും ഇനിമേൽ സർക്കാരുമായി ബന്ധപ്പെട്ട ഔദ്യോഗിക രേഖകളിൽ ഉപയോഗിക്കാൻ പാടുള്ളതല്ല. **രേഖകളിൽ 'മതം' എന്ന കോളത്തിൽ 'ക്രിസ്ത്യൻ' എന്നും അതിനു താഴെ വരുന്ന ജാതി/Denomination കോളത്തിൽ ഈ പുതിയ പേരുമാണ് ചേർക്കേണ്ടത്.**

നിലവിൽ സ്കൂളുകളിൽ പഠിച്ചുകൊണ്ടിരിക്കുന്ന കുട്ടികളുടെ രജിസ്റ്ററുകളിലും രക്ഷാകർത്താവിന്റെ അപേക്ഷയുടെ അടിസ്ഥാനത്തിൽ സ്കൂൾ അധികൃതർ ഈ തിരുത്തൽ വരുത്തുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

ഈ നിർദ്ദേശങ്ങൾ പാലിച്ച്, രേഖകളെല്ലാം കൃത്യമാക്കാൻ എല്ലാ മാതാപിതാക്കളും, പ്രധാനാധ്യാപകരും, അധ്യാപകരും ശ്രദ്ധിക്കുക.

സ്നേഹപൂർവം,

REMIGIOSE INCHANANIYIL ★ BISHOP OF THAMARASSERY ★

✠ **മാർ റെമീജിയോസ് ഇഞ്ചനാനിയിൽ**

താമരശ്ശേരി രൂപതയുടെ മെത്രാൻ

Bishop's House, P .B. No. 1, Thamarassery P.O., Calicut - 673 573, Kerala, India
Phone : +91495 - 2223376, 2963370, 9400088376
Web: www.thamarasserydiocese.com, Email : diocesetmy09@gmail.com